## സംസ്ഥാനകമ്മിറ്റി അംഗങ്ങൾ

| | | | |
|---|---|---|---|
| 1. | **പ്രസിഡന്റ്** | – | **സ: എ.കെ.ബാലൻ എം.എൽ.എ** |
| 2. | **വൈസ് പ്രസിഡന്റ്** | – | **സ: സി.കേശവകുമാർ (കേച്ചേരി)** |
| 3. | **വൈസ് പ്രസിഡന്റ്** | – | **സ: ടി.സി.രാധാകൃഷ്ണൻ (കണ്ണൂർ മെയിൻ)** |
| 4. | **ജനറൽ സെക്രട്ടറി** | – | **സ: എസ്.മുരളികൃഷ്ണപിള്ള (ആനന്ദവല്ലീശ്വരം)** |
| 5. | **ജോയിന്റ് സെക്രട്ടറി** | – | **സ: ആർ.ഡി.സന്തോഷ്കുമാർ (കാട്ടാക്കട)** |
| 6. | **ജോയിന്റ് സെക്രട്ടറി** | – | **സ: പി.ദേവദാസ് (നെൻമാറ)** |
| 7. | **ട്രഷറർ** | – | **സ: എസ്.ശിവദാസൻ (ഏറ്റുമാനൂർ)** |
| 8. | കമ്മിറ്റിയംഗങ്ങൾ | – | സ: സതീഷ്.ബി (വെള്ളറട) |
| 9. | ” | – | സ: ധനരാജ്.ജി (വർക്കല) |
| 10. | ” | – | സ: ഷുബി അലി.എം (മംഗലപുരം) |
| 11. | ” | – | സ: രഘു.എസ് (അഞ്ചൽ – 1) |
| 12. | ” | – | സ: അരുൺ ശ്രീധർ (കൊട്ടിയം) |
| 13. | ” | – | സ: അനിൽകുമാർ.പി.വി (കൊടുമൺ) |
| 14. | ” | – | സ: മുഹമ്മദ് ഇക്ബാൽ.എ (മണ്ണഞ്ചേരി) |
| 15. | ” | – | സ: ബിജു.പി.പി (പൂച്ചാക്കൽ) |
| 16. | ” | – | സ: സോണി തോമസ് (ലോൺ യൂണിറ്റ് കോട്ടയം) |
| 17. | ” | – | സ: മാത്യൂസ് മാത്യൂസ് (വാഴക്കുളം) |
| 18. | ” | – | സ: കെ.വി.അൻസലി (വൈറ്റില) |
| 19. | ” | – | സ: മനോജ്.എ.വി (കാലടി) |
| 20. | ” | – | സ: ജ്യോതിനാഥൻ.കെ.എസ് (ചാവക്കാട്) |
| 21. | ” | – | സ: മധുസൂദനൻ.വി.കെ (കൊടുങ്ങല്ലൂർ) |
| 22. | ” | – | സ: സുരേഷ്കുമാർ.ആർ (വടക്കുഞ്ചേരി) |
| 23. | ” | – | സ: ലക്ഷ്മണൻ.പി.കെ (എടപ്പാൾ) |
| 24. | ” | – | സ: ഹംസാ പൊക്കാരി (നരിക്കുനി) |
| 25. | ” | – | സ: ശശി.സി (കുന്നമംഗലം) |
| 26. | ” | – | സ: ജസിൽകുമാർ.വി.കെ (കൽപ്പറ്റ) |
| 27. | ” | – | സ: വേണുഗോപാലൻ.ആർ (താഴെചൊവ്വ) |

## വനിതാ സബ്കമ്മിറ്റി

| | | | |
|---|---|---|---|
| 1. | ചെയർപേഴ്സൺ | – | സ: നീന.എൻ (ശാസ്താംകോട്ട) |
| 2. | കൺവീനർ | – | സ: ശ്രീനിമോൾ.ടി.എം (കലവൂർ) |
| 3. | കമ്മിറ്റി അംഗങ്ങൾ | – | സ: കവിതാരാജ്.എസ്.വി (ഫോർട്ട്, തിരുവനന്തപുരം) |
| 4. | ” | – | സ: ലൈല.സി.സി (രവിപുരം) |
| 5. | ” | – | സ: നിസ.ഇ (ശാസ്താംകോട്ട) |
| 6. | ” | – | സ: മിനി.കെ.കെ (കോട്ടയം മെയിൻ) |
| 7. | ” | – | സ: നിഷാരാജ്.എൻ (ശാസ്താംകോട്ട) |
| 8. | ” | – | സ: സീന ഉണ്ണി (എറണാകുളം മെയിൻ) |
| 9. | ” | – | സ: ബേബി മേരി.പി.എ (പട്ടിക്കാട്) |
| 10. | ” | – | സ: നജീഫ.എസ് (ചെങ്ങന്നൂർ) |
| 11. | ” | – | സ: രമണീ രാജൻ (മാന്നാർ) |
| 12. | ” | – | സ: ജയ.കെ.കെ (പട്ടിക്കാട്) |

സമ്മേളനം വൈകിട്ട് 5.30ന് സമാപിച്ചു.

*അഭിവാദനങ്ങളോടെ,*

**എസ്.മുരളികൃഷ്ണപിള്ള**

*ജനറൽസെക്രട്ടറി*

# KERALA STATE
# FINANCIAL ENTERPRISES STAFF ASSOCIATION

**Reg. No. 181/71, Kottappuram Road, Thrissur - 4, Ph : 0487-2384321**
**(Affiliated to C.I.T.U.R.No.K.1128)**
**E-mail : ksfesacitu@yahoo.co.in   Web : www.ksfesa.com**

President
**A.K.Balan** MLA
Mob : 9846361111

General Secretary
**S.Muraleekrishna Pillai**
Mob : 9446538432

**സർക്കുലർ 1/2013** തീയതി : 12-07-2013

സഖാക്കളെ, സുഹൃത്തുക്കളെ,

നമ്മുടെ സംഘടനയുടെ 27-ാം സംസ്ഥാന സമ്മേളനം 2013 ജൂലൈ 7,8 തീയതികളിൽ സ: എം.കെ.പാന്ഥെ നഗറിൽ (ൗൺഹാൾ, ആലപ്പുഴ) നടന്നു. രാവിലെ 9 ന് രജിസ്ട്രേഷനും തുടർന്ന് 10 ന് നഗരംചുറ്റി പ്രകടനവും നടന്നു. സമ്മേളന നഗരിയിൽ വൈസ് പ്രസിഡന്റ് സ: വി.കെ.മധുസൂദനൻ രക്തപതാക ഉയർത്തി. തുടർന്ന് പ്രതിനിധി സഖാക്കൾ രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തി. അതിനുശേഷം നടന്ന സമ്മേളനം CPI(M) കേന്ദ്രകമ്മിറ്റി അംഗവും മുൻ ധനമന്ത്രിയുമായ സ: ഡോ.ടി.എം.തോമസ് ഐസക് എം.എൽ.എ ഉദ്ഘാടനം ചെയ്തു. സ: സി.ബി.സിയുടെ ഓർമ്മയ്ക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടാണ് സഖാവ് പ്രസംഗം തുടങ്ങിയത്. കേരള ചിട്ടി ആക്ടിനെപ്പോലെ തന്നെ കേന്ദ്ര നിയമവും നിക്ഷേപകരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നു. എന്നാൽ കേന്ദ്രനിയമം പൊതുമേഖലയെയും സ്വകാര്യമേഖലയെയും രണ്ടായി കാണുന്നില്ല. രാജ്യത്തെ പുത്തൻ കമ്പനികളുമായി ആരോഗ്യകരമായ മത്സരത്തിന് കെ.എസ്.എഫ്.ഇയെ സജ്ജമാക്കുന്നതിന് സ്റ്റാഫ് അസ്സോസിയേഷൻ ആവശ്യപ്പെട്ട ഇളവുകൾ സർക്കാർ നൽകണം. ചിട്ടി കുടിശ്ശിഖ വർദ്ധിക്കുന്നതും കെ.എസ്.എഫ്.ഇയുടെ പണം ട്രഷറിയിൽ പലിശരഹിതമായി കിടക്കുന്നതും തെറ്റായ പാതയിലൂടെ സ്ഥാപനത്തെ കൊണ്ടുപോകുന്നതുകൊണ്ടാണ്. അടച്ചുതീർത്ത മൂലധനം ഉയർത്തിക്കൊണ്ട് കെ.എസ്.എഫ്.ഇയെ ബാങ്കായി മാറ്റാനുള്ള ശ്രമങ്ങളാണ് കഴിഞ്ഞ കാലത്തുണ്ടായത്. ബ്രാൻഡഡ് ചിട്ടികൾ കെ.എസ്.എഫ്.ഇയുടെ യശസ്സ് ഉയർത്തി. ബിസിനസ്സ് മാനേജ്മെന്റിന്റെ ഹരിശ്രീയെ അറിയുന്നവർ ജനമനസ്സുകളിൽ ഇടംപിടിച്ച ബ്രാൻഡുകൾ ഉപേക്ഷിക്കില്ലെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. അതിശക്തമായ പ്രക്ഷോഭങ്ങൾ ഉയർത്തിക്കൊണ്ട് മാനേജ്മെന്റിന്റെ നയം തിരുത്തിക്കാനുള്ള ശ്രമങ്ങളിലേർപ്പെടാൻ സഖാവ് ആഹ്വാനം ചെയ്തു. സ്വാഗതസംഘം ചെയർമാനും സി.ഐ.ടി.യു സംസ്ഥാനകമ്മിറ്റി അംഗവുമായ സ: പി.പി.ചിത്തരഞ്ജൻ സ്വാഗതവും ജനറൽ കൺവീനർ സ: എസ്.മുരളികൃഷ്ണപിള്ള കൃതജ്ഞതയും പറഞ്ഞു. സ: എസ്.ശിവദാസൻ രക്തസാക്ഷി പ്രമേയവും സ: ആർ.ഡി.സന്തോഷ്കുമാർ അനുശോചനപ്രമേയവും അവതരിപ്പിച്ചു. സ: ജെ.മോഹൻകുമാർ (ജന: സെക്രട്ടറി K.W.A.E.U) സ: കെ.സി.രമേശ്കുമാർ (സംസ്ഥാനസെക്രട്ടറിയേറ്റ് അംഗം, എൻ.ജി.ഒ യൂണിയൻ), സ: പി.ബാലകൃഷ്ണൻ (ജന: സെക്രട്ടറി KSFE OU) സ: സി.എ.ജോണി (ജന: സെക്രട്ടറി KSFE റിട്ട. എംപ്ലോയീസ് അസ്സോസിയേഷൻ), സ: എൻ.സുന്ദരൻപിള്ള (ജന: സെക്രട്ടറി കെ.എസ്.എഫ്.ഇ ഏജൻസ് അസ്സോസിയേഷൻ), സ: ആർ.ആനന്ദസ്വാമി (ജന: സെക്രട്ടറി കെ.എസ്.എഫ്.ഇ ഗോൾഡ് അപ്രൈസേഴ്സ് അസ്സോസിയേഷൻ) എന്നിവർ സമ്മേളനത്തെ അഭിവാദ്യം ചെയ്തു.

ഉച്ചകഴിഞ്ഞ് 3 മണിക്ക് 'ഇന്ത്യൻ സമ്പദ്ഘടനയുടെ പ്രതിസന്ധി' എന്ന വിഷയത്തിലുള്ള സെമിനാർ മുൻ സഹകരണ വകുപ്പ് മന്ത്രി സ: ജി.സുധാകരൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. മുതലാളിത്തത്തിന്റെ സഹജ സ്വഭാവമാണ് പ്രതിസന്ധിയെന്നും ഇന്ത്യൻ നാണയത്തിന്റെ വില അനുദിനം ഇടിയുന്നത് രാജ്യത്ത് നടപ്പാക്കുന്ന നയങ്ങൾ മൂലമാണെന്നും സഖാവ് വിശദീകരിച്ചു. സി.ഐ.ടിയു ആലപ്പുഴ ജില്ലാ പ്രസിഡന്റ് സ: കെ.പ്രസാദ് അദ്ധ്യക്ഷനായിരുന്നു. സ: കെ.ചന്ദ്രൻപിള്ള ExMP വിഷയം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചു. മാറിവരുന്ന സാമ്പത്തിക ചലനങ്ങളെ തൊട്ടറിയാനും അതിനനുസൃതമായ പദ്ധതികൾ ആവിഷ്കരിക്കാനും വൈവിധ്യവൽക്കരിക്കാനും കെ.എസ്.എഫ്.ഇയ്ക്ക് കഴിയണമെന്നും ശക്തമായ R & D Wing സ്ഥാപനത്തിൽ രൂപീകരിക്കണമെന്നും സഖാവ് ആവശ്യപ്പെട്ടു. അതിന് ശക്തവും പ്രാപ്തിയുള്ളതുമായ ഒരു മാനേജ്മെന്റ് ഉണ്ടാകണമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. പ്രശ്നങ്ങൾ ആഴത്തിൽ പഠിക്കാനും ശക്തമായി ഇടപെടാനും സംഘടനയ്ക്ക് കഴിയണമെന്ന് സഖാവ് നിർദ്ദേശിച്ചു. അഡ്വ.കെ.അനിൽകുമാർ (സി.പി.ഐ.എം കോട്ടയം ജില്ലാസെക്രട്ടറിയേറ്റ് അംഗം) ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ചു. പുന്നപ്ര വയലാർ സമരസേനാനി സ: പി.കെ.ചന്ദ്രാനന്ദൻ ഉൾപ്പെടെയുള്ള പ്രമുഖ നേതാക്കളാൽ സമ്പന്നമായിരുന്നു സദസ്സ്.

വൈകിട്ട് 5.30 ന് ട്രേഡ് യൂണിയൻ സൗഹൃദസമ്മേളനം ചേർന്നു. സി.ഐ.ടി.യു സംസ്ഥാന പ്രസിഡന്റ് സ: ആനത്തലവട്ടം ആനന്ദൻ EX MLA സമ്മേളനം ഉദ്ഘാടനം ചെയ്തു. ഭരണകൂടത്തിന്റെ അപകടകരമായ നയങ്ങൾക്കെതിരെ പ്രതികരിക്കേണ്ടതും പ്രക്ഷോഭങ്ങൾ ഉയർത്തിക്കൊണ്ടുവരേണ്ടതും തൊഴിലാളിവർഗ്ഗമാണ്. കരാർ വ്യവസ്ഥയിലും അസംഘടിത മേഖലയിലും പണിയെടുക്കുന്ന തൊഴിലാളികളുടെ മിനിമം കൂലി 10,000 രൂപയായി ഉയർത്തണം. ബാങ്ക്- ഇൻഷ്വറൻസ് പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കേണ്ടത് തൊഴിലാളിവർഗ്ഗത്തിന്റെ ചുമതലയാണ്. സി.ഐ.ടി.യു സംഘടനകൾ സമ്മേളനം നടത്തുമ്പോൾ ബിസിനസ്സ് സമ്മേളനത്തിന് കുറച്ചുകൂടി പ്രാധാന്യം നൽകിക്കൊണ്ട് അനുബന്ധ പരിപാടികൾ ക്രമീകരിക്കണമെന്നും സഖാവ് നിർദ്ദേശിച്ചു. ഭാവിയിൽ സമ്മേളനങ്ങൾ നടത്തുമ്പോൾ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധവേണമെന്ന് സംഘടനാ നേതാക്കൾക്ക് അദ്ദേഹം നിർദ്ദേശം നൽകി. BMS സംസ്ഥാനപ്രസിഡന്റ് അഡ്വ.എം.പി.ഭാർഗ്ഗവൻ, AITUC സംസ്ഥാനസെക്രട്ടറി സ: ടി.ജെ.ആഞ്ചലോസ്, CITU സംസ്ഥാന വൈസ്പ്രസിഡന്റ് സ: വി.എസ്.മണി എന്നിവർ സംസാരിച്ചു. സി.പി.ഐ.എം. ജില്ലാസെക്രട്ടറി സ: സി.ബി.ചന്ദ്രബാബു അദ്ധ്യക്ഷത വഹിച്ചു. സമ്മേളനത്തിന് എത്താൻ കഴിയാതിരുന്ന INTUC സംസ്ഥാന പ്രസിഡന്റ് ശ്രീ.ആർ.ചന്ദ്രശേഖരൻ സമ്മേളനത്തിന് ഭാവുകങ്ങൾ നേർന്നുകൊണ്ട് ആശംസാസന്ദേശം അയച്ചു.

വൈകുന്നേരം 7.30 ന് പ്രതിനിധിസമ്മേളനം ആരംഭിച്ചു. 24 സംസ്ഥാനകമ്മിറ്റി അംഗങ്ങൾ ഉൾപ്പെടെ 310 പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. ജനറൽസെക്രട്ടറി സ:എസ്.മുരളീകൃഷ്ണപിള്ള പ്രവർത്തന റിപ്പോർട്ടും ട്രഷറർ സ: എസ്.ശിവദാസൻ വരവ് ചെലവ് കണക്കും അവതരിപ്പിച്ചു. സ: വി.കെ.മധുസൂദനൻ അദ്ധ്യക്ഷതവഹിച്ചു.

രണ്ടാം ദിവസ സമ്മേളനം ജൂലൈ 8 രാവിലെ 8.45 ന് റിപ്പോർട്ടിന്മേലും വരവ് ചെലവ് കണക്കിന്മേലുമുള്ള ചർച്ചയോടെ ആരംഭിച്ചു. 13 ജില്ലാ കമ്മിറ്റികളെ പ്രതിനിധീകരിച്ച് 2 വനിതാ സഖാക്കൾ ഉൾപ്പെടെ 37 പേർ ചർച്ചയിൽ പങ്കെടുത്തു. ചർച്ച 1.45 ന് അവസാനിച്ചു. തുടർന്ന് റിപ്പോർട്ടിൻമേലും വരവ് ചെലവ് കണക്കിന്മേലും ഉയർന്നു വന്ന നിർദ്ദേശങ്ങൾക്കും വിമർശനങ്ങൾക്കും ജനറൽസെക്രട്ടറിയും ട്രഷററും മറുപടി പറഞ്ഞു. തുടർന്ന് റിപ്പോർട്ടും കണക്കും ഐകകണ്ഠേന അംഗീകരിച്ചു. ക്രഡൻഷ്യൽ കമ്മറ്റി കൺവീനർ സ: പി.കെ.ലക്ഷ്മണൻ ക്രഡൻഷ്യൽ റിപ്പോർട്ട് അവതരിപ്പിച്ചു.

സമ്മേളനം വിജയിപ്പിക്കാൻ ആലപ്പുഴയിലെ പൊതുവിപ്ലവ പ്രസ്ഥാനവും സി.ഐ.ടി.യുവും സഹോദരസംഘടനകളും മാതൃകാപരവും ആത്മാർത്ഥവുമായ സഹകരണമാണ് നൽകിയത്. സ്വാഗതസംഘം ചെയർമാനും സി.ഐ.ടി.യു സംസ്ഥാന കമ്മിറ്റി അംഗവുമായ സ: പി.പി.ചിത്തരഞ്ജന്റെ നേതൃത്വത്തിൽ സ്വാഗതസംഘം അനുകരണീയമായ പ്രവർത്തനമാണ് നടത്തിയത്.

**സമ്മേളനം അംഗീകരിച്ച പ്രമേയങ്ങൾ**

1. കുടിവെള്ളവിതരണം സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തിൽ നിന്നും കേരള സർക്കാർ പിൻതിരിയുക.
2. പെൺകുട്ടികളുടെ വിവാഹപ്രായം കുറയ്ക്കുകയും വീണ്ടും 18 വയസ്സാക്കി ഉയർത്തുകയും ചെയ്തതിൽ ഉണ്ടായ അപാകതയും ആശങ്കയും ദൂരീകരിക്കുക.
3. കേരളാ ചിട്ടി ആക്ട്' 75 ൽ കെ.എസ്.എഫ്.ഇക്ക് ലഭിച്ചിരുന്ന എല്ലാ ഇളവുകളും കേന്ദ്ര ചിട്ടി നിയമത്തിൽ അനുവദിക്കാൻ കേരളാ ഗവൺമെന്റ് നിയമനിർമ്മാണം നടത്തുക.
4. സ്വകാര്യപണമിടപാടു സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ കേരള സർക്കാർ കർശന നിയമ നിർമ്മാണം കൊണ്ടുവരിക.
5. പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുക.
6. കെ.എസ്.എഫ്.ഇ ജീവനക്കാരുടെ ശമ്പളപരിഷ്കരണ ചർച്ച ഉടൻ ആരംഭിക്കുക. 25% ഇടക്കാലാശ്വാസം അനുവദിക്കുക.
7. പൊന്നോണചിട്ടി, പ്രവാസിബന്ധുചിട്ടി തുടങ്ങിയ ജനകീയ ബ്രാൻഡഡ് ചിട്ടികൾ കെ.എസ്.എഫ്.ഇയിൽ പുനഃസ്ഥാപിക്കുക.
8. സാധാരണക്കാർക്കുതകുന്ന ചിട്ടികൾ ആരംഭിക്കുന്നതിന് മുൻഗണന നൽകുക.
9. ഓഫീസ് അറ്റൻഡന്റുമാരുടെ പ്രൊമോഷൻ അനുപാതം 10% ആയി ഉയർത്തുക. ഡെസ്പാച്ച് അസിസ്റ്റന്റുമാരുടെ കർത്തവ്യങ്ങൾ പുനർ നിർവ്വചിക്കുക.
10. അസിസ്റ്റന്റുമാരുടെ സീനിയോരിറ്റി ലിസ്റ്റിലെ അപാകതകൾ പരിഹരിക്കുക.
11. റിട്ടയർ ചെയ്ത ജീവനക്കാർക്കും മെഡിക്കൽ റീഇംമ്പേഴ്സ്മെന്റ് സൗകര്യം അനുവദിക്കുക.
12. എംപ്ലോയീസ് ഹൗസ് ലോൺ ലഭിക്കുന്നതിനുള്ള സർവ്വീസ് 6 വർഷത്തിൽ നിന്ന് 3 വർഷമായി കുറയ്ക്കുക.
13. Core Solution (CASBA) സംഘടനകളുമായി ചർച്ചചെയ്ത് അടിയന്തിരമായി നടപ്പാക്കുക.
14. Marketing / Business Development Officer തസ്തികയിൽ എല്ലാ ശാഖകളിലും അസിസ്റ്റന്റ് മാനേജർമാരെ നിയമിക്കുക.
15. എല്ലാ ശാഖകളിലും Fake note detector cum counting machine ഏർപ്പെടുത്തുക.
16. പൊള്ളചിട്ടികൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുക.
17. പണവുമായി ബാങ്കിൽ പോകുന്ന കെ.എസ്.എഫ്.ഇ ജീവനക്കാർക്കും ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുക.
18. ഏജന്റുമാരുടെയും അപ്രൈസർമാരുടെയും മിനിമം കൂലി നിർണ്ണയിക്കുക.
19. ഡോർ കളക്ഷൻ സംവിധാനത്തിലെ പോരായ്മകളും പ്രശ്നങ്ങളും അടിയന്തിരമായി പരിഹരിക്കുക.

സമ്മേളനം പുതിയ സംസ്ഥാനകമ്മറ്റി അംഗങ്ങളുടെ എണ്ണം 26 ൽ നിന്ന് 27 ആയി ഉയർത്താനും വനിതാ സബ് കമ്മിറ്റി രൂപീകരിക്കാനും ഐകകണ്ഠേന തീരുമാനിച്ചു. സമ്മേളനം ചുവടെ കൊടുത്തിരിക്കുന്ന സംസ്ഥാനകമ്മിറ്റിയേയും വനിതാ സബ്കമ്മിറ്റിയെയും ഐകകണ്ഠേന തെരഞ്ഞെടുത്തു.